## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1108** **07-12-2022 - ൽ മറുപടിയ്ക്ക്**

## അതിതീവ്രപ്രളയബാധിത മേഖലകളിലെ നദീതീരസംരക്ഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അതിതീവ്ര പ്രളയബാധിത മേഖലകളിലെ നദീതീരങ്ങൾ അടിയന്തരമായി സംരക്ഷിക്കുന്നതിന് ബജറ്റിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.<br><br>കോട്ടയം ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിന്റെ പരിധിയിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ മീനച്ചലാറിന്റെ തീരസംരക്ഷണത്തിനായി അനുവദിച്ച ഒരു പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. മഴക്കാലം തീരുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. (വിജയപുരം പഞ്ചായത്തിലെ മൂന്നാം വാർഡിലെ കുട്ടപള്ളിക്കടവിന്റെ സംരക്ഷണ ഭിത്തിനിർമ്മാണം 70 ലക്ഷം രൂപ).<br><br>ആലപ്പുഴ ജില്ലയിലെ പമ്പ, അച്ചൻകോവിൽ നദികളുടെ തീരസംരക്ഷണത്തിനായി 17 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.<br><br>കൊല്ലം ജില്ലയിൽ 2018 ലെ പ്രളയത്തിൽ പമ്പ ത്രിവേണിയിൽ പമ്പ നദിയുടെ ഇടതുകര തകർന്നിരുന്നു. ഈ പ്രവൃത്തി 93% പൂർത്തീകരിച്ചു. ശബരിമല തീർത്ഥാടനം കഴിയുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കുന്നതാണ്.<br><br>തൃശ്ശൂർ ജില്ലയിൽ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 20% തുക അനുവദിച്ച വടക്കാഞ്ചേരി പുഴ സമഗ്ര വികസനം- ഘട്ടം 1 ജലവിഭവം എന്ന പ്രവൃത്തിയ്ക്ക് 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൂടാതെ 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 20% തുക അനുവദിച്ച താണിക്കുടം പുഴ സംരക്ഷണം എന്ന പ്രവൃത്തിയ്ക്ക് 6.70 കോടി രൂപയ്ക്ക് |

| | | | |
|---|---|---|---|
| | | | ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നല്കി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 20% തുക അനുവദിച്ച ചാലക്കുടി പുഴയിൽ വൈന്തല പ്രോജക്ട് കടവ് മുതൽ സമ്പാളൂർ ഞറളകടവ് വരെയുള്ള പുഴയോര സംരക്ഷണ പ്രവൃത്തി ഭരണാനുമതി നൽകുന്ന കാര്യം പരിശോധനയിലാണ്.<br><br>കോഴിക്കോട് ജില്ലയിൽ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കുറ്റ്യാടി പുഴയുടെ ഇടതുകര സംരക്ഷിക്കുന്നതിന് 17 പ്രവൃത്തികൾക്ക് 10 കോടി രൂപ അനുവദിച്ചിരുന്നു. ആയതിൽ 14 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 3 പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. |
| (ബി) | ചെങ്ങന്നൂർ മണ്ഡലത്തിലെ പമ്പ, അച്ചൻകോവിൽ നദീ തീരങ്ങളുടെ സംരക്ഷണത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ ഭരണാനുമതി നടപടി ത്വരിതഗതിയിലാക്കി കാലാവർഷത്തിനു മുൻപ് ജോലികൾ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | ചെങ്ങന്നൂർ മണ്ഡലത്തിലെ പമ്പ, അച്ചൻകോവിൽ നദിതീരങ്ങളുടെ സംരക്ഷണ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി യിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl. No | Name of Work | Estt. Amount in (lakhs) | Physical Progress | Financial Progress |
|---|---|---|---|---|
| | WORK INCLUDED IN BUDGET | | | |
| 1 | Budget 2020-21 Protection and Cleaning of Killi and Karamana River in Nemom Constituency ( Protection of Karamana River ) | 90 L | 20% | Work in progress |
| 2 | Budget 2020-21 Protection and Cleaning of Killi and Karamana River in Nemom Constituency ( Protection of Killi River) | 110 L | 100% | completed |
| 3 | Budget Provision- 2020-21Construction of Kadavu in Pakalkuri Temple in Pallikkal Panchayath (SL No. 681 Budget) | 100 | 100% | completed |
| 4 | Budget Provision- 2019-20Side Protection of Karamana River near Sree Chakrathil Siva Temple in Thiruvananthapuram Ward (SL No. 2301 Budget) | 210 | 10% | Work in progress |

സെക്ഷൻ ഓഫീസർ